Disabilities of the Kudiyans of the Edapally Swaroopam.

*91. MR. ALEXANDER VAKAYIL (*Parur II—Latin Catholic*): Will the Hon'ble Minister for Land be pleased to state:

(*a*) whether the Government have received any representation regarding the disabilities of the Kudiyans of the Edappally Swaroopam;

(*b*) if so, what action has been taken on it; and

(*c*) can not the Government take steps to stop the double rule there?

HON'BLE MR. V. O. MARKOS: (*a*) Yes.

(*b*) and (*c*) The matter is being considered by Government.

MR. ALEXANDER VAKAYIL : തിരുവിതാംകൂറിൽ എല്ലാ സ്ഥലങ്ങളിലും ബേസിക്ക് ടാക്സ് ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇടപ്പള്ളി സ്വരൂപം മാത്രം പഴയ രീതിയിൽ കരംപിരിക്കുന്നതിന്റെ കാരണം എന്താണ്?

MR. V. O. MARKOS : അവിടെയുള്ള ഭൂമികൾ ഗവണ്മെൻറിലേക്കു കരം കൊടുക്കേണ്ടവയല്ല. ആ ഭൂമിയിൽ നിന്നുള്ള കരം ഇടപ്പള്ളി സ്വരൂപം ചീഫിനാണ്. അത് ബേസിക്ക് ടാക്സ് നിയമത്തിൽ പെടുത്തിയിട്ടില്ല.

പുളിംകുന്നിലെ ഡിസ്പെൻസറി.

*92. MR. K. SARANGADHARAN (*Ambalapazha II—General*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പുളിംകുന്നിലുള്ള ഗവണ്മെൻറ് ഡിസ്പെൻസറി ഒരു ഡിസ്പെൻസറി ആശുപത്രിയുടെ നിലയിലുയർത്തുന്നതിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

(ബി) അതിന്മേൽ ഗവണ്മെൻറ് എന്തു നടപടി നടത്തി?

HON'BLE MR. E. K. MADHAVAN: (*a*) Yes

(*b*) The question was considered and as it was found not absolutely necessary, it has been ordered to lie over.

MR. K. SARANGADHARAN : കുട്ടനാട്ടിൽ കൂടുതൽ ആശുപത്രികൾ സ്ഥാപിക്കാൻ ഗവണ്മെൻറിനു ഭയവുണ്ടാകുമോ?

HON'BLE MR. E. K. MADHAVAN : കൂടുതൽ ആശുപത്രികൾ സ്ഥാപിക്കുന്നതിനെപ്പറ്റി ഗവണ്മെൻറ് ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

MR. K. SARANGADHARAN : ഇതു സംബന്ധിച്ച് ജനങ്ങളുടെ വല്ല പരാതികളും കിട്ടിയിട്ടുണ്ടോ ?

HON'BLE MR. E. K. MADHAVAN : അവിടെ അത്യാവശ്യമാണെന്ന് ജനങ്ങളുടെ ഒരു പെറ്റിഷൻ കിട്ടി. എന്നാൽ അവിടെ ആവശ്യമില്ലെന്നു സർജൻ ജനറലിന്റെ സ്റ്റാറ്റിസ്റ്റിക്സുകളോടുകൂടിയ ഒരു റിപ്പോർട്ട് ലഭിച്ചതുകൊണ്ട് അതു വേണ്ടെന്നാണ് നിശ്ചയിച്ചത്.

MR. K. SARANGADHARAN : അവിടെയുള്ള ജനങ്ങൾക്ക് അതു് അത്യാവശ്യമായതുകൊണ്ട് അതിനു വേണ്ട സഹായങ്ങൾ അവർ ചെയ്യാൻ തയാറായാൽ ഗവണ്മെൻറ് അതിനു തയ്യാറാകുമോ ?

HON'BLE MR. E. K. MADHAVAN : ഗവണ്മെൻറിനെ അതേപ്പറ്റി അറിയിക്കുകയും അതു് അത്യാവശ്യമാണെന്നു ബോദ്ധ്യപ്പെടുത്തുകയും അതിനു വേണ്ട കെട്ടിടങ്ങളും മറ്റു ചെലവുകളും നാട്ടുകാർ ചെയ്യുകയും ചെയ്താൽ ഗവണ്മെൻറ് അതേക്കുറിച്ചാലോചിക്കുന്നതാണ് .

ഹിന്ദി അദ്ധ്യാപകന്മാർ.

* 93. MR. MANNAR K. GOPALAN NAIR : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ ?

(എ) തിരുവിതാംകൂറിലെ വിദ്യാലയങ്ങളിൽ ഹിന്ദിഭാഷ ഐച്ഛികമായി അനുവദിച്ചിട്ടുള്ളിടത്തു് ഹിന്ദി അദ്ധ്യാപകന്മാരില്ലാതെ വിഷമിക്കുന്ന കാര്യം ഗവണ്മെൻറിനറിവുണ്ടോ ?

(ബി) അങ്ങനെയുള്ള സ്ഥലങ്ങളിൽ ഹിന്ദി അദ്ധ്യാപകന്മാരെ നിയമിക്കാതിരിക്കാനുള്ള കാരണം പറയാൻ ദയവുണ്ടാകുമോ ?

HON'BLE MR. N. KUNJURAMAN: (*a*) Yes.
(*b*) Want of duly qualified candidates for the post.

MR. MANNAR K. GOPALAN NAIR : ഹിന്ദിഭാഷ ഐച്ഛികമായി സ്വീകരിച്ചിട്ടുള്ള സ്കൂളുകളിൽ അദ്ധ്യയനം നൽകാൻ യോഗ്യതയില്ലാത്ത അദ്ധ്യാപകന്മാർ ഉണ്ടെന്നു ഗവണ്മെൻറിന് അറിയാമോ?

HON'BLE MR. N. KUNJURAMAN : അതു സംബന്ധിച്ചുള്ള സ്ഥിതി വിവരക്കണക്കുകൾ ഗവണ്മെൻറിന്റെ കയ്യിൽ ഇല്ല.

MR. G. CHANDRASEKHARA PILLAI (*Neyyattinkara II—Genarat*) : തക്ക ക്വാളിഫിക്കേഷൻ ഉള്ളവർ സ്കൂളുകളിൽ ഇല്ലെന്നു പറഞ്ഞു. എന്താണ് ക്വാളിഫിക്കേഷന്റെ തോതു ?

LIBRARY ARCHIVES Kerala Legislative Assembly